പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1528 06.03.2018 ൽ മറുപടിക്ക്

## റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് : | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) |
| (എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി 2007 ഏപ്രിൽ 13 ന് കേരള റോഡ് സുരക്ഷാ അതോറിറ്റി നിലവിൽ വന്നു.<br>2007 ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിന്റെ വകുപ്പ് 4 അനുസരിച്ച് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്.<br>(എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക.<br>(ബി)റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>(സി)റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്ടുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>(ഡി)റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.<br>(ഇ)റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.<br>(എഫ്) ഫണ്ടിന്റെ നടത്തിപ്പ്<br>(ജി) റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക<br>(എച്ച്)റോഡ് സുരക്ഷാ പ്രോജക്ടുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടിയും ഫണ്ട് അനുവദിക്കുക.<br>(ഐ) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക<br>(ജെ)ട്രോമ കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക<br>(കെ)അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ |

| | |
|---|---|
| | അനുവദിക്കുക<br>(എൽ)റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കായുള്ള ചെലവ് അനുവദിക്കുക<br>(എം)അതോറിറ്റിയുടെ നേതൃത്വത്തിൽ അപകട സ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക.<br>(എൻ)ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചു കൊണ്ട് നിർണ്ണയിച്ചേക്കാവുന്ന മറ്റ് ചുമതലകൾ നിർവ്വഹിക്കുക.<br>കേരള റോഡ് സുരക്ഷാ അതോറിറ്റി, അതിന്റെ അനുബന്ധ വകുപ്പുകളായ മോട്ടോർ വാഹനം, പോലീസ്, പൊതുമരാമത്ത്, ആരോഗ്യം എന്നിവയുടെയും അനുബന്ധ ഏജൻസിയായ നാറ്റ്പാക്കിന്റെയും ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് വിവിധ റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ പുതുതായി നിയമിക്കപ്പെട്ട സാങ്കേതിക വിദഗ്ദ്ധർ ബ്ലാക്ക് സ്പോട്ട് നിർമ്മാർജ്ജനം കഴക്കൂട്ടം - അടൂർ മോഡൽ സേഫ് കോറിഡോർ പ്രോജക്ട് തുടങ്ങിയവയ്ക്ക് സാങ്കേതിക സഹായം നൽകി വരുന്നു. |
| (ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളും അതു മൂലമുള്ള മരണങ്ങളും കുറയ്ക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (ബി) വാഹനാപകട നിരക്ക് 10% എങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ കളക്ടർമാർ അദ്ധ്യക്ഷൻമാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളോട് എല്ലാ മാസത്തിലെയും രണ്ടാം ബുധനാഴ്ച യോഗം ചേരാനും റോഡ് സുരക്ഷാ സംബന്ധമായ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ അറിയിച്ചു വരുന്നു. ഇതിനു പുറമെ റോഡപകട നിരക്ക് കുറയ്ക്കുന്നതിനായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പോലീസ് - മോട്ടോർ വാഹന വകുപ്പുകളോടും റോഡപകട നിരക്ക് കുറയ്ക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് കണ്ടെത്തിയ 275 ബ്ലാക്ക് സ്പോട്ടുകളിൽ സംസ്ഥാന പാതകൾക്ക് പുറമെയുള്ള പാതകളിൽ പൊതുമരാമത്ത് മുൻഗണനാക്രമം നൽകിയ 46 ബ്ലാക്ക് സ്പോട്ടുകളിൽ സാങ്കേതിക വിദഗ്ദ്ധർ മോട്ടോർ വാഹന – പോലീസ് - പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് സ്രോതസ്സ് ഏതൊക്കെയാണ്; | (സി) 2007- ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് പ്രകാരം റോഡ് സേഫ്റ്റി ഫണ്ടിന്റെ സ്രോതസ്സ് ഇപ്രകാരമാണ്.<br>(എ) വാഹനങ്ങളുടെ ഒറ്റത്തവണ സെസ്സിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഈടാക്കുന്ന തുക സംസ്ഥാനത്തെ സഞ്ചിതനിധിയിൽ അടച്ച ശേഷം സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറച്ച ശേഷം ധനവിനിയോഗം വഴി കൈമാറ്റം ചെയ്യപ്പെടുന്ന തുക<br>(ബി) സർക്കാർ നൽകുന്ന ഗ്രാന്റുകളും വായ്പകളും മുൻകൂറുകളും<br>(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ ഉള്ള സംഭാവനകൾ.<br>(ഡി) 1988- ലെ മോട്ടോർ വാഹന ആക്ടിന്റെ 200-ാം വകുപ്പിൻ കീഴിൽ മുൻവർഷത്തിൽ ശേഖരിച്ച രാജിയാക്കൽ ഫീസിന്റെ അൻപതു ശതമാനത്തിന് തുല്യമായ തുക. |
| (ഡി) | 2007 ലെ കേരള സുരക്ഷാ ആക്ടിന്റെ നിബന്ധന പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള വാഹന സെസ്സ്, അതോറിറ്റിക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | രാജിയാക്കൽ ഫീസിന്റെ 50% ഒറ്റത്തവണ സെസ്സ് എന്നീയിനങ്ങളിൽ സർക്കാർ വസൂലാക്കിയ തുകയിൽ നിന്നും 173.12 കോടി രൂപ റോഡ് സേഫ്റ്റി ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ഈ വകയിൽ 380.62 കോടി രൂപ കൂടി നൽകാനുണ്ട്. 2017-18 സാമ്പത്തികവർഷത്തിൽ റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും 16 കോടി രൂപ സർക്കാരിന്റെ സഞ്ചിതനിധിയിലേയ്ക്ക് ലയിപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഫണ്ടിന്റെ അപര്യാപ്തത അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | ഫണ്ടിന്റെ അപര്യാപ്തത റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയ്ക്ക് അനുവദിച്ച പദ്ധതികൾക്കായി ഇനിയും 136.12 കോടി രൂപ കൂടി കൊടുത്തു തീർക്കാനുണ്ട്. റോഡ് സുരക്ഷാ ഫണ്ടിൽ അവശേഷിക്കുന്നത് 8.43 കോടി രൂപ മാത്രമാണ്. |

സെക്ഷൻ ഓഫീസർ